# ഡെവണ്‍ പുസ്തകശാലകളിലേയ്ക്ക് സ്വാഗതം!

**Malayalam/മലയാളം**

**No: 18**

പുസ്തകങ്ങള്‍, സംഗീതം, സിനിമകള്‍, പരിപാടികള്‍, ചരിത്രം, വിജ്ഞാനം, കമ്പ്യൂട്ടറുകള്‍ കൂടാതെ മറ്റനേകം കാര്യങ്ങളുടേതുമായ ലോകത്തേയ്ക്ക് സ്വാഗതം!

പുസ്തകശാലകള്‍ക സൌഹാര്‍ദ്ദപരവും സ്വീകാര്യതയുള്ളതുമായ സ്ഥലങ്ങളാണ് മാത്രമല്ല നിങ്ങള്‍ക്ക് അവ ചിലവു കൂടാതെ ഉപയോഗിക്കുകയും ചെയ്യാം. നിങ്ങള്‍ക്ക് പുസ്തകശാലയിലിരുന്ന് വായിക്കുകയോ പഠിക്കുകയോ, യുവാക്കളുടെ പരിപാടിയിലേക്ക് കുട്ടികളെ കൊണ്ടുപോകുകയോ, വിവരങ്ങള്‍ ആരായുകയോ, അവിടുത്തെ കമ്പ്യൂട്ടറുകള്‍ ഉപയോഗിക്കുകയോ ചെയ്യാവുന്നതാണ്.

നിങ്ങള്‍ പുസ്തകശാലയില്‍ ചേര്‍ന്നാല്‍ നിങ്ങള്‍ക്ക് പുസ്തകം കടമെടുക്കാം മാത്രമല്ല ഡിവിഡികളും സിഡികളും കൂടാതെ ഓഡിയോ ബുക്കുകള്‍ വാടകയ്ക്കെടുക്കുകയും ചെയ്യാം, കൂടാതെ ഒരു പുസ്തകശാലാ അംഗമെന്ന നിലയ്ക്ക് നിങ്ങള്‍ക്ക് ഒരു ദിവസം അരമണിക്കൂര്‍ നേരത്തേയ്ക്ക് കമ്പ്യൂട്ടര്‍ സൌജന്യമായി ഉപയോഗിക്കാനും സാധിക്കും. നിങ്ങളുടെ കുട്ടികള്‍ക്കും ഇതില്‍ അംഗമാകാം – എന്തിന് ശിശുക്കള്‍ക്കു പോലും പുസ്തകശാലാ അംഗമാകാം! അതിന് നിങ്ങള്‍ക്ക് യാതൊരു ചിലവുമില്ല, അതിന് നിങ്ങളുടെ പേരും വിലാസവുമുള്‍പ്പെടെയുള്ള ഏതാനും ചില വിവരങ്ങള്‍ മാത്രം ഞങ്ങള്‍ക്ക് തന്നാല്‍ മതിയാകും. നിങ്ങള്‍ ഡെവണില്‍ അല്ല താമസം എങ്കില്‍ നിങ്ങളുടെ വീട്ടിലെ വിലാസവും കൂടാതെ ഡെവണിലെ വിലാസവും നല്‍കേണ്ടതാണ്.

നിങ്ങള്‍ക്കൊരു പുസ്തകശാലാ കാര്‍ഡ് നല്‍കുന്നതാണ്. ഇത് കൌണ്ടറിലേയ്ക്ക് (അല്ലെങ്കില്‍ മറ്റു ചില പുസ്തകശാലകളില്‍ സ്വയം-സേവന കിയോസ്ക്കുകളിലേക്ക്) നിങ്ങള്‍ വാടകയ്ക്ക് എടുക്കാനാഗ്രഹിക്കുന്നവയോടൊപ്പം കൊണ്ടുപോവുക. പുസ്തകമെടുക്കുന്നത് സൌജന്യമാണ്, പക്ഷേ നിങ്ങളവ വൈകിയാണ് തിരികെക്കൊണ്ടുവരുന്നതെങ്കില്‍ ചെറിയ ഒരു ചാര്‍ജ് അടയ്ക്കേണ്ടിവരും. അവിടെ നിങ്ങള്‍ക്ക് സൌജന്യമായി ഡിവിഡികള്‍ സിഡികള്‍ കൂടാതെ ഓഡിയോബുക്കുകള്‍ എന്നിവ എടുക്കാവുന്നതാണ്.

നിങ്ങള്‍ക്ക് താഴെപ്പറയുന്നത്ര ഉപയോഗിക്കാം*:

- 3 ആഴ്ചയില്‍ 12 പുസ്തകം
- 1 ആഴ്ചയില്‍ 4 ഡിവിഡി
- 1 ആഴ്ചയില്‍ 4 സംഗീത സിഡി അല്ലെങ്കില്‍ 3 ആഴ്ചയില്‍ 4 ഓഡിയോബുക്കുകള്‍
- 3 ആഴ്ചയില്‍ 4 ഭാഷാ കോഴ്സുകള്‍

(* ഈ നിരക്ക് 16 വയസ്സിന് താഴെയുള്ളവര്‍ക്കും വൈകല്യമുള്ളവര്‍ക്കും വ്യത്യസ്തമായിരിക്കും)

നിങ്ങള്‍ക്ക് ഒരു 21 ദിവസം കൂടി കൈയ്യില്‍ വെക്കണമെങ്കില്‍ ഒന്നുചോദിച്ചാല്‍ മതി – സാധാരണഗതിയില്‍ ഉത്തരം ശരി എന്നായിരിക്കും!

നിങ്ങള്‍ എടുത്ത സാധനങ്ങള്‍ക്ക് പൂര്‍ണ്ണ ഉത്തരവാദി നിങ്ങള്‍തന്നെയായിരിക്കും അതിനാല്‍ നിങ്ങളുടെ പുസ്തകശാലാ കാര്‍ഡോ പുസ്തകശാലയില്‍ നിന്നെടുത്തവയോ മറ്റൊരാള്‍ക്കും കൈമാറരുത്, മാത്രമല്ല നിങ്ങളുടെ കാര്‍ഡ് നഷ്ടപ്പെടുകയോ മോഷ്ടിക്കപ്പെടുകയോ ചെയ്താലോ വ്യക്തിപരമായ വിവരങ്ങള്‍ മാറുകയോ ചെയ്താല്‍ ഞങ്ങളെ യഥാസമയം വിവരമറിയിക്കുകയും ചെയ്യേണ്ടതാണ്.

നിങ്ങള്‍ക്ക് പുസ്തകശാലയെക്കുറിച്ച് എന്തെങ്കിലും സംശയങ്ങളുണ്ടെങ്കിലോ, നിങ്ങള്‍ക്ക് എന്തെങ്കിലും വൈകല്യമുണ്ടെങ്കിലോ നിങ്ങളെ ഞങ്ങള്‍ക്കെങ്ങനെ സഹായിക്കാനാകുമെന്നോ അറിയാന്‍ പുസ്തകശാലയില്‍ അന്വേഷിക്കുക. അല്ലെങ്കില്‍ നിങ്ങള്‍ക്ക് ഈ കാണുന്ന ഐഡിയില്‍ ഞങ്ങള്‍ക്ക് മെയില്‍ ചെയ്യാവുന്നതാണ് devlibs@devon.gov.uk, അതുമല്ലെങ്കില്‍ ഞങ്ങളുടെ ഉപഭോക്തൃ സേവന കേന്ദ്രവുമായി ഈ കാണുന്ന നമ്പറില്‍ ബന്ധപ്പെടാം 0845 155 1001 (ആഴ്ച ദിവസങ്ങളില്‍ രാവിലെ 8 മണി മുതല്‍ വൈകുന്നേരം 8 മണിവരെയും ശനിയാഴ്ചകളില്‍ രാവിലെ 9 മണി മുതല്‍ ഉച്ചയ്ക്ക് 1 മണിവരെയും). നിങ്ങള്‍ ഫോണിലാണ് ബന്ധപ്പെടുന്നതെങ്കില്‍ റെക്കോഡ് ചെയ്തിരിക്കുന്ന സന്ദേശത്തിന് ശേഷം ആരെങ്കിലും സംസാരിക്കുന്നതുവരെ കാത്തിരിക്കുക.

ഷീറ്റിന്റെ മറുപുറത്ത് ഡെവണില്‍ കമ്പ്യൂട്ടര്‍ ഉപയോഗിക്കുന്നതെങ്ങനെ എന്നതുമായി ബന്ധപ്പെട്ട് ചില വിവരങ്ങള്‍ നിങ്ങള്‍ക്ക് കാണാവുന്നതാണ്.

**പുസ്തകശാലാ കമ്പ്യൂട്ടറുകൾ ഉപയോഗിക്കൽ**

പുസ്തകശാലയിൽ കമ്പ്യൂട്ടറുകൾ ഉപയോഗിക്കാൻ നിങ്ങൾക്കൊരു പുസ്തകശാലാ കാർഡ് ആവശ്യമാണ്. നിങ്ങൾ ചെറിയൊരു കാലത്തേയ്ക്ക് മാത്രമാണ് ഡെവൺ സന്ദർശിക്കുന്നതെങ്കിൽ നിങ്ങൾക്ക് കമ്പ്യൂട്ടറുകളിലേയ്ക്ക് ഞങ്ങളോട് അഭ്യർത്ഥിക്കുന്ന പക്ഷം നൽകപ്പെടുന്ന നിങ്ങളുടെ പേരെഴുതിയ നമ്പർ കുറിച്ചിട്ട അച്ചടിച്ച ചെറിയൊരു സ്ലിപ്പ് വഴി പ്രവേശനാനുമതി ലഭിക്കും

നിങ്ങൾക്ക് ഒരു കാർഡ് അല്ലെങ്കിൽ ഒരു താൽകാലിക സ്ലിപ്പ് ലഭിച്ചുകഴിഞ്ഞാൽ, ചില പുസ്തകശാലകളിൽ, കാർഡിലുള്ള അല്ലെങ്കിൽ സ്ലിപ്പിലുള്ള നമ്പർ ടൈപ്പ് ചെയ്ത് നിങ്ങൾക്ക് കമ്പ്യൂട്ടർ ഉപയോഗിച്ചുതുടങ്ങാം. മറ്റ് പുസ്തകശാലകളിൽ നിങ്ങൾക്ക് കമ്പ്യൂട്ടറിലേയ്ക്ക് പ്രവേശനം നൽകണമെന്ന് കൌണ്ടറിലുള്ള സ്റ്റാഫിനോട് അപേക്ഷിക്കാം.

ആരംഭിയ്ക്കുന്നതിന് മുമ്പ് ഞങ്ങളുടെ നയം നിങ്ങൾ അംഗീകരിക്കുന്നു എന്നതിൽ നിങ്ങൾ ക്ലിക്ക് ചെയ്യേണ്തതുണ്ട്. പ്രത്യേകിച്ചും നിങ്ങൾക്ക് നിയമത്തിനകത്തുനിൽക്കാമെന്നും നിയമവിരുദ്ധമായ വെബ്സൈറ്റുകളിലും പോണോഗ്രാഫിക് വെബ്സൈറ്റുകളിലും പ്രവേശിക്കില്ലായെന്നും അംഗീകരിക്കേണ്ടതുണ്ട്. ഇന്റർനെറ്റിന്റെയും ഇമെയിൽ സേവനങ്ങളുടെയും ഉപയോഗം രേഖപ്പെടുത്തപ്പെടുന്നതും പരിശോധിക്കുന്നതുമണ്, മാത്രമല്ല ആരെങ്കിലും കമ്പ്യൂട്ടർ ദുരുപയോഗം ചെയ്യുകയാണ് എന്ന് ഞങ്ങൾക്ക് സംശയമുണ്ടായാൽ പരിശോധന നടത്തുന്നതുമാണ്.

പുസ്തകശാലാ അംഗങ്ങൾക്ക് ഒരു ദിവസം അരമണിക്കൂർ വീതം സൌജന്യമായി ഉപയോഗിക്കാവുന്നതാണ്. നിങ്ങളൊരു സന്ദർശകനാണെങ്കിൽ ഒരു ചാർജ് അടയ്ക്കേണ്ടതുണ്ട്. ലൈബ്രറി കൌണ്ടറിൽ മാത്രമുള്ള പ്രിന്റർ വഴി പ്രിന്റൌട്ട് എടുക്കുന്നതിന് എല്ലാവരും ചിലവ് വഹിക്കേണ്തതുണ്ട്. നിങ്ങളുടെ സെഷൻ അവസാനിക്കാൻ 5 മിനിറ്റ് ബാക്കിയുള്ളപ്പോൾ സ്ക്രീനിൽ ഒരു മുന്നറിയിപ്പ് പ്രത്യക്ഷപ്പെടുന്നതാണ്. നിങ്ങൾക്ക് കൂടുതൽ സമയം ആവശ്യമുണ്ടെങ്കിൽ മുന്നറിയിപ്പ് കണ്ട ഉടനേ തന്നെ ജീവനക്കാരോട് ചോദിക്കുക. അധികസമയത്തിന് നിങ്ങൾ ചാർജ്ജ് നൽകേണ്തതുണ്ട്. നിലവിലുള്ള ചാർജ്ജുകൾ പുസ്തകശാലയിലെ പോസ്റ്ററിലും ലീഫ്ലെറ്റുകളിലും കൂടാതെ വെബ്സൈറ്റിലുമുണ്ട്.

നിങ്ങളുടെ ജോലി സംരക്ഷിച്ചുവെക്കണമെന്നുണ്ടെങ്കിൽ ഒരു യുഎസ്ബി ഡ്രൈവിലേയ്ക്കോ മറ്റേതെങ്കിലും ബാഹ്യ ഉപാധിയിലേയ്ക്കോ നിങ്ങൾക്കത് സംരക്ഷിക്കാവുന്നതാണ്. നിങ്ങൾക്കത് കമ്പ്യൂട്ടറിൽ സംരക്ഷിക്കാനാവില്ല.

നിങ്ങൾ 12 വയസ്സിന് താഴെയാണെങ്കിൽ, നിങ്ങൾക്കു ഇമെയിൽ ഉപയോഗിക്കാൻ സാധിക്കില്ല. നിങ്ങളുടെ രക്ഷിതാവ്, നിയമപാലകൻ/മേൽനോട്ടക്കാരൻ എന്നിവർ പുസ്തകശാലാ ജീവനക്കാരോട് അനുമതി വാങ്ങുകയാണെങ്കിൽ (പ്രത്യേകം തിരഞ്ഞെടുത്ത ചില സൈറ്റുകൾ ഒഴികെ) ഇന്റർനെറ്റ് ഉപയോഗിക്കാനും നിങ്ങൾക്കു സാധിക്കുന്നതാണ്.

നിങ്ങൾക്ക് 13-15 വയസ്സ് പ്രായമുണ്ടെങ്കിൽ രക്ഷിതാവ്, നിയമപാലകൻ/മേൽനോട്ടക്കാരൻ എന്നിവർ പുസ്തകശാലാ ജീവനക്കാരോട് അനുമതി വാങ്ങിയാൽ നിങ്ങൾക്ക് ഇന്റർനെറ്റ് സേവനം ഉപയോഗിക്കാൻ സാധിക്കും, കൂടാതെ നിങ്ങൾക്ക് ഇമെയിൽ അയക്കാനും സാധിക്കും.

കമ്പ്യൂട്ടറിലേയ്ക്ക് പ്രവേശിക്കാനും ചില സഹായങ്ങൾ നൽകാനും നിങ്ങളെ പുസ്തകശാലാ ജീവനക്കാർക്ക് സഹായിക്കാനാകും, എന്നാൽ നിങ്ങൾ ഇതുവരെ കമ്പ്യൂട്ടർ ഉപയോഗിച്ചിട്ടേ ഇല്ല അല്ലെങ്കിൽ നിങ്ങൾക്ക് കൂടുതൽ സഹായം ആവശ്യമാണ് എന്നുവരികിൽ ഒരു പരിശീലന കോഴ്സിന് നിങ്ങൾ പങ്കെടുക്കേണ്ടതുണ്ട്. പുസ്തകശാലാ ജീവനക്കാർക്ക് നിങ്ങളെ ഒരു കോഴ്സ് കണ്ടെത്തുന്നതിൽ സഹായിക്കാൻ സാധിക്കും – പലപ്പോഴും അവ സൌജന്യമായിരിക്കും. ചില പുസ്തകശാലകൾക്ക് നിങ്ങൾക്ക് അടിസ്ഥാന പരിശീലനം നൽകാനായുള്ള ചില പ്രത്യേക സമയക്രമങ്ങളുണ്ട്.

കൂടുതലറിയാൻ നിങ്ങൾക്ക് താൽപര്യമുണ്ടെങ്കിൽ ജീവനക്കാരോട് ചോദിക്കുക.

ഡെവൺ പുസ്തകശാലകൾ നിങ്ങൾ ആസ്വദിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു!